മുദ്രകൾ

# കേന്ദ്ര കൂടിയാലോചന സമിതി തീരുമാനങ്ങൾ

**2009** ജനുവരി 24 മുതൽ 26 വരെ ദൽഹിയിൽ സമ്മേളിച്ച ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചന സമിതി താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. ഇന്ത്യയിലെ പൊതുസമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാനും യത്നിക്കുക എന്ന ലക്ഷ്യത്തോടെ ജമാഅത്ത് ഒരു രാഷ്ട്രീയ പാർട്ടിരൂപവത്കരിക്കും. പാർട്ടിയുടെ പേര്, ലക്ഷ്യങ്ങൾ, പ്രവർത്തന പരിപാടി തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ജമാഅത്ത് അംഗങ്ങൾക്കും അനുഭാവികൾക്കും ഇതുസംബന്ധമായ തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ദൽഹിയിലെ ജമാഅത്ത് കേന്ദ്രത്തിലേക്ക് എഴുതി അറിയിക്കാം. കമ്മിറ്റി കൺവീനർ എസ്.ക്യു.ആർ ഇൽയാസിന്റെ മേൽവിലാസത്തിലാണ് കത്തുകൾ അയക്കേണ്ടത്.

2. വരുന്ന ഏപ്രിൽ മാസം ആദ്യത്തിൽ കേന്ദ്ര പ്രതിനിധിസഭയുടെ യോഗം ചേരും. ജമാഅത്ത് ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ അതിൽ ചർച്ച ചെയ്യും. നിർദേശങ്ങൾ സ്വീകരിക്കാനും അതേക്കുറിച്ച് പഠിക്കാനും ഒരു കമ്മിറ്റിക്ക് രൂപംനൽകിയിട്ടുണ്ട്. ഡോ. മുഹമ്മദ് റഫ്അത്താണ് അതിന്റെ ചെയർമാൻ. ഭരണഘടനാ ഭേദഗതികൾ നിർദേശിക്കാനുള്ള ജമാഅത്ത് അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ എഴുതി തയാറാക്കി അദ്ദേഹത്തിന്റെ പേരിൽ ജമാഅത്ത് കേന്ദ്ര ഓഫീസിലേക്ക് അയച്ചുകൊടുക്കുക.

3. 2009 ഒക്ടോബർ രണ്ട് മുതൽ 11 വരെ മുതലാളിത്ത അധിനിവേശ വിരുദ്ധ കാമ്പയിൻ നടത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി വിവിധ നഗരങ്ങളിൽ സിമ്പോസിയങ്ങളും സെമിനാറുകളും നടത്തും.

4. ജമാഅത്ത് അംഗങ്ങളുടെ അഖിലേന്ത്യാ സമ്മേളനം 2010 ഏപ്രിൽ 9 മുതൽ 11 വരെ ദൽഹിയിൽ നടത്തും. മുജ്തബാ ഫാറൂഖാണ് സമ്മേളന കൺവീനർ.

ബന്ധപ്പെടാനുള്ള വിലാസം:
D-371, Dawat Nagar, Abul Fazal Enclave,
Jamia Nagar, New Delhi-110025
Email: jih@vsnl.com
website: www.jamaateislamihind.org

## പീറ്റർ ഹൗസൺ കണ്ട ഗസ്സ


പീറ്റർ ഹൗസൺ

**സമകാലിക** ലോകത്തെ യുദ്ധ ഭീകരതകൾ നേരിൽ കണ്ടിട്ടുണ്ട് പീറ്റർ ഹൗസൺ. ബോസ്നിയ, കൊസോവ മുതൽ ഗസ്സ വരെ എത്രയെത്ര കൂട്ടക്കൊലകൾ. ആ ദൃശ്യങ്ങൾ കാൻവാസിലേക്ക് പകർത്തിക്കൊണ്ടിരിക്കുകയാണ് ഈ പ്രശസ്ത സ്കോട്ടിഷ് ചിത്രകാരൻ. ഗസ്സയിൽ നടന്ന കൂട്ടക്കൊലയും നശീകരണവും പോലെ തന്റെ മനസ്സിനെ ഇത്രയധികം പിടിച്ചുലച്ച മറ്റൊരു സംഭവമില്ലെന്ന് അദ്ദേഹം പറയുന്നു. “ഒരു ഭൂകമ്പം കഴിഞ്ഞ നാട് പോലെയുണ്ടായിരുന്നു ഗസ്സ.” 1993ലെ ബോസ്നിയൻ കൂട്ടക്കൊല പ്രമേയമാക്കി വരച്ച ചിത്രങ്ങളിലൂടെ പ്രശസ്തനായ ഈ ‘യുദ്ധ ചിത്രകാരൻ’, ഗസ്സയെക്കുറിച്ച് നൂറ് കണക്കിന് സ്കെച്ചുകൾ ഒരുക്കിയിട്ടുണ്ട്. ചിത്രങ്ങൾ വരക്കുമ്പോൾ മരണവും ഭീതിയും മാത്രമായിരുന്നു തന്റെ മനസ്സിലെന്ന് അദ്ദേഹം പറയുന്നു. “ചോര വാർന്നൊലിച്ച് മരിക്കുന്ന ഒരു ഗർഭിണിയുടെ ഇമേജാണ് ഗസ്സ എന്നിൽ ഉണർത്തുന്നത്.” ■


ഗസ്സയുടെ വേദന- ഒരു പെയിന്റിംഗ്

## പാക് ജമാഅത്ത് പ്രതിനിധി സംഘം ചൈനയിൽ


ഖാദി ഹുസൈൻ

**പാക്** ജമാഅത്തെ ഇസ്‌ലാമി അമീർ ഖാദി ഹുസൈൻ അഹ്മദിന്റെ നേതൃത്വത്തിലുള്ള ആറംഗ ജമാഅത്ത് പ്രതിനിധി സംഘം ചൈന സന്ദർശിച്ചു. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. പാക് ജമാഅത്ത് അസി. അമീർ ലിയാഖത്ത് ബലൂച്, സെക്രട്ടറി ജനറൽ മുനവ്വർ ഹസൻ, അതിർത്തി പ്രവിശ്യാ അമീർ സിറാജുൽ ഹഖ്, പ്രഫ. മുഹമ്മദ് ഇബ്റാഹീം, അബ്ദുൽ ഗഫ്ഫാർ അസീസ്, ആസിഫ് ലുഖ്മാൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ചൈനീസ് നാഷ്നൽ പീപ്പ്ൾസ് കോൺഗ്രസ്സിന്റെ വൈസ് ചെയർമാനുമായി ഖാദി ഹുസൈൻ കൂടിക്കാഴ്ച നടത്തി. അയൽനാടുകളിലെ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സൗഹൃദം ഉഭയകക്ഷി ബന്ധങ്ങളെ ശക്തിപ്പെടുത്തുമെന്ന് ഇരുവരും അഭിപ്രായപ്പെട്ടു. ■



■

# അലീഗഢ് കാമ്പസ് ജില്ലക്ക് നഷ്ടപ്പെടുത്തരുത്
# എസ്.ഐ.ഒ സംവാദം

**കൊണ്ടോട്ടി:** അലീഗഢ് കാമ്പസ് ജില്ലക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകരുതെന്ന് എസ്.ഐ.ഒ മലപ്പുറം ജില്ലാ കമ്മിറ്റി കൊണ്ടോട്ടിയിൽ സംഘടിപ്പിച്ച തുറന്ന സംവാദത്തിൽ പങ്കെടുത്തവർ ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു.



*എസ്.ഐ.ഒ സംഘടിപ്പിച്ച സംവാദം പാണക്കാട് ബഷീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു*

കാമ്പസിനെ തുരങ്കം വെക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് സംവാദം ഉദ്ഘാടനം ചെയ്ത പാണക്കാട് ബഷീറലി ശിഹാബ് തങ്ങൾ കുറ്റപ്പെടുത്തി. പെരിന്തൽമണ്ണ ചേലാമലയിലെ സ്ഥലം ഏറ്റെടുക്കുന്നത് കാലതാമസമുണ്ടാക്കുമെന്നും ഫലത്തിൽ കാമ്പസ് നഷ്ടപ്പെടുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ലോക്സഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനു മുമ്പ് വല്ലതും ചെയ്തില്ലെങ്കിൽ കാര്യം കുഴപ്പത്തിലാകുമെന്ന് കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ ചൂണ്ടിക്കാട്ടി. കാമ്പസ് നഷ്ടപ്പെടുത്തുന്ന ഭരണാധികാരികൾക്കും പ്രശ്നം രാഷ്ട്രീയ വിവാദമാക്കുന്നവർക്കും മലപ്പുറം ജില്ല മാപ്പുനൽകില്ലെന്ന് ഐ.എൻ.എൽ സംസ്ഥാന സെക്രട്ടറി പ്രഫ. എ.പി അബ്ദുൽ വഹാബ് മുന്നറിയിപ്പ് നൽകി.

അലീഗഢ് സമരം മലപ്പുറം ജില്ല ഏറ്റെടുത്തിരിക്കുകയാണെന്ന് മുസ്‌ലിം യൂത്ത് ലീഗിനെ പ്രതിനിധീകരിച്ച് അഷ്റഫ് മടാൻ പറഞ്ഞു. കാമ്പസ് നഷ്ടപ്പെടുത്താൻ ശ്രമിക്കുന്നവർ ജില്ലയുടെ ശത്രുക്കളാണെന്നും അദ്ദേഹം പറഞ്ഞു.

ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രശ്നത്തിൽ സംസ്ഥാന സർക്കാർ അലംഭാവം കാണിക്കുകയാണെന്ന് എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി ശിഹാബ് പൂക്കോട്ടൂർ ആരോപിച്ചു. അലീഗഢ് കാര്യത്തിൽ മലപ്പുറം ജനതയുടെ പക്ഷമാണ് എസ്.ഐ.ഒയുടേതെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് കെ. നജാത്തുല്ല മോഡറേറ്ററായിരുന്നു. ■

# ആർ.എസ്.എസ്സിന് അംഗങ്ങളും ശാഖകളും കുറയുന്നു

**രാഷ്ട്രീയ** സ്വയം സേവക് സംഘ(ആർ.എസ്.എസ്)ത്തിന്റെ അംഗങ്ങളും ശാഖ



കളും രാജ്യത്തുടനീളം ഗണ്യമായി കുറഞ്ഞ് വരുന്നതായി *ഹിന്ദുസ്ഥാൻ ടൈംസ്* (2009 ജനു 31) റിപ്പോർട്ട് ചെയ്യുന്നു. 2005-06ൽ 51,000 ശാഖകളുണ്ടായിരുന്നത് 2006-07ൽ 44,000 ആയി കുറഞ്ഞു. മുമ്പ് 35,000 ഇന്ത്യൻ നഗരങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. അത് 30,000 ആയി കുറഞ്ഞു. ഉൾപ്പാർട്ടി ചർച്ചയിലാണ് ഈ കണക്കുകൾ പുറത്ത് വിട്ടത്.

ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയുന്നില്ലെന്നാണ് ആർ.എസ്.എസ്സിന്റെ വിലയിരുത്തൽ. അതിനാൽ ഓൺലൈൻ അംഗത്വം നൽകാൻ സംഘടന തീരുമാനിച്ചുകഴിഞ്ഞു. ആർ.എസ്.എസ്സിന്റെ 83 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു ഓൺലൈൻ മാറ്റം. ■

## ഖുർആൻ ലളിതസാരം ഓൺലൈനിലും വായിക്കാം

**ശൈഖ്** മുഹമ്മദ് കാരകുന്നും വാണിദാസ് എളയാവൂരും ചേർന്ന് തയാറാക്കിയ *ഖുർആൻ ലളിതസാരം* എന്ന വിശുദ്ധ ഖുർആന്റെ സമ്പൂർണ മലയാള പരിഭാഷ ജമാഅത്ത് സൈറ്റിൽ ഉൾപ്പെടുത്തി. ഖുർആന്റെ സന്ദേശം ഒറ്റ നോട്ടത്തിൽ, വിധിവിശ്വാസം, വിവാഹമോചനം, കാഫിർ, ജിഹാദ്, ഖുർആന്റെ യുദ്ധ സമീപനം എന്നിങ്ങനെ *ലളിതസാര*ത്തിലെ ആറ് അനുബന്ധങ്ങൾ ഇസ്‌ലാമിനെയും ഖുർആനെയും കുറിച്ച് വായനക്കാർക്ക് ഉണ്ടാകാവുന്ന തെറ്റിദ്ധാരണകൾ തിരുത്താൻ സഹായകമാണ്.

ജാതി മത ഭേദമന്യേ ഏതു സാധാരണക്കാരനും എളുപ്പത്തിൽ മനസ്സിലാകുന്ന ഖുർആൻ പരിഭാഷയാണിത്. ഖുർആനുമായി ബന്ധപ്പെട്ട അഞ്ച് ഡസനോളം വീഡിയോ ക്ലിപ്പുകളുള്ള ഒരു വീഡിയോ ലൈബ്രറിയും ഇതിന്റെ ഹോം പേജിൽ ക്രമീകരിച്ചിട്ടുണ്ട്. സഅദുൽ ഗാമിദിയുടെ ഖിറാഅത്തും ഡൗൺലോഡ് ചെയ്യാം.

സയ്യിദ് അബുൽ അഅ്ലാ മൗദൂദി രചിച്ച് ടി.കെ ഉബൈദ് വിവർത്തനം ചെയ്ത *ഖുർആൻ ഭാഷ്യ*ത്തിന്റെ പരിഷ്കരിച്ച പതിപ്പിന്റെ സമ്പൂർണ ഇ-പതിപ്പും സൈറ്റിലുണ്ട്.

**www.jihkerala.org**